# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.07.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കാർഷികമേഖലയിലെ പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് കേന്ദ്ര മന്ത്രിസഭാ യോഗത്തിൻറെ അംഗീകാരം; പദ്ധതി നടപ്പാക്കുന്നത് രാജ്യത്തെ നൂറ് ജില്ലകളിൽ.

   **The Union Cabinet has approved the Pradhan Mantri Dhan-Dhanya Krishi Yojana, which aims to improve the agricultural sector; the scheme will be implemented in 100 districts of the country.**

2. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് തിരിച്ചെത്തിയ ശുഭാൻശു ശുക്ലയെ അഭിനന്ദിച്ച് കേന്ദ്രമന്ത്രിസഭ.

   **The Union Cabinet congratulates Shubhaanshu Shukla on his return from the International Space Station.**

3. കീം പ്രവേശന പരീക്ഷ കേസിൽ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി.

   **The Supreme Court has rejected the plea to stay the High Court order in the KEEM entrance exam case.**

4. കൊല്ലത്ത് നാല് വിദ്യാർത്ഥികൾക്ക് H1N1 സ്ഥിരീകരിച്ചു.

   **Four students in Kollam have tested positive for H1N1.**

5. ജപ്പാൻ ഓപ്പൺ ബാഡ്മിൻറണിൽ ഇന്ത്യയുടെ സാത്വിക്സായിരാജ് ചിരാഗ് ഷെട്ടി സഖ്യവും ലക്ഷ്യ സെനും രണ്ടാം റൗണ്ടിൽ.

   **India's Satwiksairaj Chirag Shetty and Lakshya Sen enter the second round of the Japan Open badminton.**

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## CABINET-KRISHI YOJANA (INTRO)

കാർഷിക ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ളവ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രധാനമന്ത്രി ധൻ-ധാന്യ കൃഷി യോജനയ്ക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ഇന്ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 2025-26 മുതൽ ആറ് വർഷത്തേക്ക് 100 ജില്ലകളെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ് ഈ പദ്ധതി. വിള വൈവിധ്യവൽക്കരണവും സുസ്ഥിര കാർഷിക രീതികളും സ്വീകരിക്കുന്നത് വർദ്ധിപ്പിക്കുക, പഞ്ചായത്ത്, ബ്ലോക്ക് തലങ്ങളിൽ വിളവെടുപ്പിനു ശേഷമുള്ള സംഭരണം വർദ്ധിപ്പിക്കുക, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ദീർഘകാല, ഹ്രസ്വകാല വായ്പകളുടെ ലഭ്യത സുഗമമാക്കുക എന്നിവയും പദ്ധതിയുടെ ലക്ഷ്യങ്ങളാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(മന്ത്രി വോയിസ്)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## Cabinet Resolution -Shubhanshu (INTRO)

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് ദൗത്യം വിജയകരമായി പൂർത്തിയാക്കി തിരിച്ചെത്തിയ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയെ അഭിനന്ദിച്ച് പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്രമന്ത്രിസഭാ പ്രമേയം. ഒരു ഇന്ത്യൻ ബഹിരാകാശയാത്രികൻ ആദ്യമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് യാത്ര ചെയ്യതിലൂടെ ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യക്ക് ഒരു പുതിയ അധ്യായത്തിന് തുടക്കമിടാനായെന്നും കേന്ദ്രമന്ത്രിസഭാ പ്രമേയത്തിൽ ചൂണ്ടിക്കാട്ടി.

(വോയ്സ്)

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## FINANCE - JAN DHAN

രാജ്യവ്യാപകമായി നടപ്പിലാക്കുന്ന സാമ്പത്തികശാക്തീകരണ പരിപാടിയുടെ ഭാഗമായി രണ്ടാഴ്ചയ്ക്കുള്ളിൽ ഒരു ലക്ഷത്തി 40,000 ജൻ ധൻ ബാങ്ക് അക്കൗണ്ടുകൾ തുറന്നതായി കേന്ദ്രസർക്കാർ അറിയിച്ചു. സർക്കാറിൻറെ നിരവധി ക്ഷേമ പദ്ധതികൾ കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിൻറെ ഭാഗമായാണ് ബാങ്ക്

അക്കൗണ്ടുകൾ തുറന്നത്. പ്രധാൻ മന്ത്രി ജൻ ധൻ യോജന, പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമ യോജന, പ്രധാൻ മന്ത്രി സുരക്ഷാ ബീമ യോജന, അടൽ പെൻഷൻ യോജന എന്നി പദ്ധതികളാണ് കൂടുതൽ പേരിലേക്ക് എത്തിക്കുന്നത്. ഇതിൻറെ ഭാഗമായി മൂന്നു മാസത്തെ സാമ്പത്തികശാക്തീകരണ പ്രചാരണ പരിപാടി ജൂലൈ ഒന്നിനാണ് ആരംഭിച്ചത്. രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും നഗര തദ്ദേശ സ്ഥാപനങ്ങളിലേയുംഅർഹരായ എല്ലാവരേയും പദ്ധതിക്ക് കീഴിൽ കൊണ്ടുവരികയാണ് പ്രചാരണപരിപാടിയുടെ ലക്ഷ്യം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## CCEA – NLC INDIA,

2030 ഓടെ പുനരുപയോഗ ഊർജ്ജ മേഖലയിൽ 10 ജിഗാവാട്ട്ശേഷി കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്ക് കേന്ദ്രസാമ്പത്തിക കാര്യ മന്ത്രിസഭാ സമിതിയുടെ അംഗീകാരം. പൊതുമേഖലാ സ്ഥാപനമായ എൻ എൽ സി ഇന്ത്യ റിന്യൂവബിൾസ് ലിമിറ്റഡിൻറെ കീഴിലാണ് പദ്ധതി നടപ്പാക്കുക. ഏഴായിരം കോടി രൂപ ഇതിനായി നിക്ഷേപിക്കുമെന്നും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## C V PADMARAJAN

മുതിർന്ന കോൺഗ്രസ് നേതാവ് സി വി പത്മരാജൻ അന്തരിച്ചു. 93 വയസായിരുന്നു. 1983–87 വരെ KPCC പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു. ധനകാര്യ, വൈദ്യുതി, ഫിഷറീസ് വകുപ്പുകൾ കൈകാര്യം ചെയ്തു. രണ്ട് തവണ ചാത്തന്നൂർ മണ്ഡലത്തിൽ നിന്ന് നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1931 ജൂലൈ 22 ന് കൊല്ലം ജില്ലയിലെ പരവൂരിൽ ആയിരുന്നു ജനനം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## GIRIRAJ TOKYO

ടെക്സ്റ്റയിൽസ് മേഖലയിൽ ആഗോള ശക്തി കേന്ദ്രമായി ഇന്ത്യ മാറിയതായി കേന്ദ്ര മന്ത്രി ഗിരിരാജ് സിങ്. ജപ്പാനിലെ ടോക്കിയോയിൽ സന്ദർശനം നടത്തുന്ന കേന്ദ്രമന്ത്രി ജപ്പാനിലെ

കമ്പനികളുടെ പ്രതിനിധികളുമായി ഉന്നതതല ചർച്ച നടത്തി. 16-ാമത് ഇന്ത്യ ട്രൻറ് ഫെയറും കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## GOVT - ALL PARTY MEETING

പാർലമെൻറിൻറെ വർഷകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ ഞായറാഴ്ച സർവകക്ഷി യോഗം വിളിച്ചു. പാർലമെൻറിൻറെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹകരണം തേടുകയാണ് ലക്ഷ്യം. ഈ മാസം 21 മുതൽ അടുത്ത മാസം 21 വരെയാണ് വർഷകാല സമ്മേളനം.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## ICAR Foundation

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ, കാർഷികമേഖലയിലെ വാർഷിക ഉൽപ്പാദനത്തിൽ വർധയെന്ന് കേന്ദ്രകൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. ന്യൂഡൽഹിയിൽ 97-ാമത് ഐ സി എ ആർ സ്ഥാപക ദിനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം 8.1 ദശലക്ഷം ടണ്ണായും, പഴങ്ങൾ, പച്ചക്കറികൾ എന്നിവ 7.5 ദശലക്ഷം ടണ്ണായും, പാലുത്പാദനം 10.2 ദശലക്ഷം ടണ്ണായും വർദ്ധിച്ചു.

✪✪✪✪✪✪✪✪✪✪✪✪✪✪✪✪✪

## KEAM -SUPREME COURT

കീം പ്രവേശന പരീക്ഷയുടെ പുതുക്കിയ മാർക്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള ഈ വർഷത്തെ പ്രവേശന പ്രക്രിയയിൽ ഇടപെടാൻ കഴിയില്ലെന്ന് സുപ്രീം കോടതി. പരീക്ഷയിലെ മാർക്ക് സമീകരണം സംബന്ധിച്ച കേസിൽ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്യണമെന്ന ആവശ്യം കോടതി തള്ളി. എന്നാൽ ഹൈക്കോടതി ഉത്തരവിനെതിരായ ഹർജിയിൽ നാലാഴ്ചയ്ക്ക് ശേഷം വിശദമായ വാദം കേൾക്കാൻ സുപ്രീം കോടതി തീരുമാനിച്ചു. ജസ്റ്റിസ് പിഎസ് നരസിംഹയും ജസ്റ്റിസ് എഎസ് ചന്ദൂർക്കറും ഉൾപ്പെട്ട ബെഞ്ചാണ് ഹർജി പരിഗണിച്ചത്. അതേസമയം, റാങ്ക് ലിസ്റ്റ് റദ്ദാക്കിയ ഹൈക്കോടതി ഉത്തരവിനെതിരെ അപ്പീൽ നൽകില്ലെന്ന് സംസ്ഥാന സർക്കാർ കോടതിയെ അറിയിച്ചു. കീം വിഷയത്തിൽ, ആഗസ്റ്റ് 14നകം

പ്രവേശന നടപടികൾ പൂർത്തിയാക്കണമെന്ന AICTE മാർഗ്ഗനിർദ്ദേശം സംസ്ഥാന സർക്കാർ പാലിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## H1N1

കൊല്ലത്ത് നാല് വിദ്യാർത്ഥികൾക്ക് H1N1 സ്ഥിരീകരിച്ചു. എസ് എൻ ട്രസ്റ്റ് സെൻട്രൽ സ്കൂളിലെ നാല് കുട്ടികൾക്കാണ് രോഗബാധ സ്ഥിരീകരിച്ചത്. നാല് പേരും ഒരേ ക്ലാസിലെ വിദ്യാർത്ഥികളാണ്. ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## M B RAJESH (INTRO)

രോഗം ബാധിച്ച തെരുവുനായ്ക്കളെ വെറ്ററിനറി വിദഗ്ധൻറെ സാക്ഷ്യപത്രത്തോടെ ദയാവധത്തിന് വിധേയമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകുമെന്ന് സംസ്ഥാന സർക്കാർ. മന്ത്രിമാരായ എം. ബി. രാജേഷ്, ജെ ചിഞ്ചുറാണി എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. തെരുവുനായ പ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ, എബിസി ചട്ടങ്ങളിലെ ഇളവിനായി കേന്ദ്രസർക്കാരിനെ വീണ്ടും സമീപിക്കുമെന്നും മന്ത്രി എം.ബി രാജേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.

( വോയിസ്.....)

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## GEORGE KURIAN

പിഎം വികാസ് പദ്ധതിക്ക് കീഴിലുള്ള നൈപുണ്യപരിശീലന-വനിത സംരംഭകത്വ വികസന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിലാണു പരിപാടി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## JAN SIKSHAN SANSTHAN

ജൻ ശിക്ഷൺ സൻസ്ഥാൻറെ ഗുണഭോക്തൃസംഗമവും, എക്സിബിഷനും നാളെ മലപ്പുറത്ത് കേന്ദ്ര നൈപുണ്യകാര്യ

സഹമന്ത്രി ജയന്ത് ചൗധരി നിർവ്വഹിക്കും. ഗുണഭോക്താക്കൾക്കായുള്ള സർട്ടിഫിക്കറ്റ് വിതരണം, പുതിയ ബാച്ചുകളുടെ പരിശീലന ഉദ്ഘാടനം എന്നിവയും കേന്ദ്രമന്ത്രി നിർവഹിക്കും .സംരംഭകരെ ആദരിക്കൽ , ഉല്പന്നങ്ങൾ വിപണിയിലിറക്കൽ , പി എം. വിശ്വകർമ്മ പദ്ധതിയിലെ ഗുണഭോക്താക്കൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം തുടങ്ങി വിവിധ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## BADMINTON

ടോക്കിയോയിൽ നടക്കുന്ന ജപ്പാൻ ഓപ്പൺ ബാഡ്മിന്റണിൽ ഇന്ത്യയുടെ പുരുഷ ഡബിൾസ് ജോഡികളായ സാത്വിക്സായിരാജ് റാങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും സിംഗിൾസ് താരം ലക്ഷ്യ സെനും രണ്ടാം റൗണ്ടിലേക്ക് പ്രവേശിച്ചു. ആദ്യ മത്സരത്തിൽ ദക്ഷിണ കൊറിയയുടെ കാങ് മിൻ ഹ്യൂക്കിനെയും കിം ഡോങ് ജുവിനെയുമാണ് ലോക റാങ്കിങ്ങിൽ 15-ാം സ്ഥാനത്തുള്ള സാത്വിക്സായിരാജ് റാങ്കിറെഡ്ഡിയും ചിരാഗ് ഷെട്ടിയും പരാജയപ്പെടുത്തിയത്.

പുരുഷ സിംഗിൾസിൽ ലക്ഷ്യ സെൻ ചൈനയുടെ വാങ് ഷെങ് സിങ്ങിനെയാണ് പരാജയപ്പെടുത്തിയത്. അതേസമയം, ഒളിമ്പിക് മെഡൽ ജേതാവായ പി. വി. സിന്ധു വനിതാ സിംഗിൾസിൽ കൊറിയയുടെ സിം യു ജിന്നിനോട് പരാജയപ്പെട്ട് ആദ്യ റൗണ്ടിൽ തന്നെ പുറത്തായി.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## IND VS ENG WOMEN CRIC

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം സതാംപ്ടണിലെ റോസ് ബൗൾ സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ബാറ്റിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് 23 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 106 റൺ എന്ന നിലയിലാണ്. പരമ്പരയിലെ രണ്ടാം മത്സരം ഈ മാസം 19ന് നടക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## J AND K MHA

സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി ജമ്മു കശ്മീരിലേക്ക് സി.ആർ.പി.എഫിൻറെ 20 പുതിയ ബറ്റാലിയനുകൾ കൂടി വിന്യസിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകി. 20,000 ത്തിലധികം സൈനികരടങ്ങുന്ന സംഘത്തെയൊണ് വിന്യസിക്കുക. ധനകാര്യ മന്ത്രാലയവും ഈ നിർദ്ദേശം അംഗീകരിച്ചതോടെ കേന്ദ്ര മന്ത്രിസഭ ഇക്കാര്യത്തിൽ ഉടൻ തീരുമാനമെടുക്കും

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡

## NIPPAH

പാലക്കാട് ചങ്ങലീരിയിൽ കഴിഞ്ഞ ദിവസം നിപ ബാധിച്ചു മരിച്ച വ്യക്തിയുടെ മകനും രോഗബാധ സ്ഥിരീകരിച്ചതായി വിവരം. മഞ്ചേരി മെഡിക്കൽ കോളേജിൽ നടത്തിയ പ്രാഥമിക പരിശോധയിലാണ് 32 കാരനായ യുവാവിന് രോഗം സ്ഥിരീകരിച്ചത്. ഇദ്ദേഹം നിലവിൽ പാലക്കാട് മെഡിക്കൽ കോളേജിൽ തീവ്ര പരിചരണ വിഭാഗത്തിൽ ചികിത്സയിൽ കഴിയുകയാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡